# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2271 — 12-02-2020 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. ജോർജ്. എം. തോമസ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ്<br>മന്ത്രി |

**ക്ഷേമ-വികസനമേഖലകളിൽ ചെലവഴിച്ച തുക**

| | | |
|---|---|---|
| (എ) | കേന്ദ്ര സർക്കാർ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാനത്ത് വികസന മേഖലയിൽ കഴിഞ്ഞ സർക്കാർ ചെലവഴിച്ചതിലും കൂടുതൽ തുക ചെലവിടാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദമായ കണക്ക് ലഭ്യമാക്കാമോ ; | കേന്ദ്ര സർക്കാർ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാനത്ത് വികസന മേഖലയിൽ കഴിഞ്ഞ സർക്കാർ ചെലവഴിച്ചതിലും കൂടുതൽ തുക ചെലവിടാൻ കഴിഞ്ഞിട്ടുണ്ട്. കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ ചെലവിലുള്ള വർദ്ധനയും അതിന്റെ ഗുണമേന്മയും കഴിഞ്ഞ സർക്കാരിന്റെ കാലവുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ ; | കഴിഞ്ഞ സർക്കാർ 2011-2012 മുതൽ 2015-2016 വരെ സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 1,93,330.01 കോടി രൂപ ചെലവഴിച്ചപ്പോൾ ഈ സർക്കാർ 2016-2017 മുതൽ 2019 ഡിസംബർ വരെയുള്ള കാലയളവിൽ 226986.35 കോടി രൂപ ചെലവഴിച്ചു.<br><br>ഹരിത കേരളം, ആർദ്രം, ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ സുപ്രധാന പദ്ധതികളിലൂടെ നവകേരള നിർമ്മിതിക്കായുള്ള സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ പുരോഗതിയിലാണ്. കുടിശ്ശികയില്ലാതെ ക്ഷേമ പെൻഷനുകളും വേണ്ട രീതിയിൽ സാമൂഹ്യ സുരക്ഷാ പദ്ധതികളും നടപ്പിലാക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിയും വേണ്ട വിധത്തിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതിനാവശ്യമായ വിഭവ സമാഹരണത്തിന് വിദേശ ഏജൻസികൾ അടക്കമുള്ളവരുടെ സഹായം തേടിയിട്ടുണ്ട്. ഇവ കൂടാതെ കിഫ്ബി മുഖേനയുള്ള വിഭവ സമാഹരണവും നിർമ്മാണ പ്രവർത്തനങ്ങളും നല്ല രീതിയിൽ നടന്നു വരുന്നുണ്ട്. |
| (സി) | ക്ഷേമ - വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | ക്ഷേമ - വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നില്ല. |
| (ഡി) | മൂലധന നിക്ഷേപം, സാമൂഹ്യസുരക്ഷ, ക്ഷേമപെൻഷൻ എന്നിവയ്ക്കായി ഈ സർക്കാർ ചെലവഴിച്ച തുകയെത്ര | മൂലധനചെലവ്, ക്ഷേമപെൻഷനുകൾ, സാമൂഹ്യസുരക്ഷാ പദ്ധതികൾ, എന്നിവയ്ക്കായി ഈ സർക്കാർ 2019 |

| | | |
|---|---|---|
| | യെന്നും കഴിഞ്ഞ സർക്കാർ ഈ ഇനങ്ങളിൽ ചെലവഴിച്ചത് എത്ര തുകയായിരുന്നുവെന്നും അറിയിക്കാമോ ; | ഡിസംബർ മാസം വരെയുള്ള 4 വർഷ കാലയളവിനുള്ളിൽ യഥാക്രമം 39127.40 കോടി, 19973 കോടി, 5400 കോടി രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ 2011-12 മുതൽ 2015-16 വരെയുള്ള 5 വർഷ കാലയളവിൽ ഈയിനങ്ങളിൽ യഥാക്രമം 30089.37 കോടി, 9311 കോടി, 3950 കോടി രൂപ വീതവും ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | പാവപ്പെട്ടവരുടെ ക്ഷേമത്തിനായുള്ള തുക കുടിശ്ശികയാക്കാതെ ലഭ്യമാക്കി യിരുന്നോ ; വ്യക്തമാക്കുമോ ? | സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ക്കിടയിലും ക്ഷേമ പദ്ധതികൾ മുടക്കം വരാതെ മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. |

Sajeer

**അക്കൗണ്ട്സ് ഓഫീസർ**

അനുബന്ധം

| Development Expenditure under Previous Government (Rs. In crore) | |
|---|---|
| | **Development Expenditure** |
| 2011-12 | 28922.76 |
| 2012-13 | 34492.33 |
| 2013-14 | 37215.43 |
| 2014-15 | 43436.78 |
| 2015-16 | 49262.71 |
| **Total** | **193330.01** |
| **Development Expenditure under Present Government (Rs. In crore)** | |
| | **Development Expenditure** |
| 2016-17 | 58728.58 |
| 2017-18 | 61728.39 |
| 2018-19 | 64218.54 |
| 2019-20 (up to December 2019) | 42310.84 |
| **Total** | **226986.35** |

Sajeesh

അക്കൗണ്ടന്റ് ഓഫീസർ